**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 60** **05-12-2022 - ൽ മറുപടിയ്ക്ക്**

**കെ-ഫോൺ പദ്ധതിയുടെ നേട്ടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കെ-ഫോൺ പദ്ധതി പൂർത്തീകരണത്തിലൂടെ സ്റ്റാർട്ടപ്പ് മേഖലകളിൽ ഉണ്ടാകുന്ന മാറ്റങ്ങളും യുവസംരംഭകർക്ക് ലഭിക്കുന്ന ഗുണങ്ങളും എന്തെല്ലാം; വിശദമാക്കാമോ? | (എ) | ഐ.ടി. മേഖലയിലെ സ്റ്റാർട്ടപ്പുകൾക്ക് കൂടുതൽ അവസരങ്ങൾ ലഭ്യമാക്കാൻ കെ-ഫോണിന് സാധിക്കും. സംരംഭകർക്ക് മറ്റുള്ള സ്വകാര്യ ടെലികോം കമ്പനികളെ അപേക്ഷിച്ച് കുറഞ്ഞ ചെലവിൽ കേരളത്തിൽ എവിടെയും കെ-ഫോണിന്റെ സേവനം ലഭ്യമാകും. ഐ.ടി. പാർക്കുകളിലും മററും 5 ജി സേവനം അനായാസം ലഭ്യമാക്കാൻ കെ-ഫോൺ ശൃംഖലയ്ക്ക് സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. കൂടാതെ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ബ്ലോക്ക് ചെയിൻ, ഇന്റർനെറ്റ് ഓഫ് തിംഗ്സ് എന്നിവയുടെ വളർച്ചയ്ക്കും കെ-ഫോൺ പ്രയോജനപ്പെടുത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ